## മദ്യഷോപ്പുകൾ അനുവദിക്കുന്നതു സംബന്ധിച്ച കോടതിവിധി

84 [166] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവേചനരഹിതമായും നിയമവിധേയമല്ലാതെയും മദ്യഷോപ്പുകളും ഉപഷോപ്പുകളും അനുവദിക്കുന്നത് നിയന്ത്രിക്കണമെന്നുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) മദ്യഷോപ്പുകളുടെ സ്ഥലനിർണ്ണയം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിരുന്ന നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് റദ്ദാക്കിക്കൊണ്ട് ഹൈക്കോടതിവിധി ഉണ്ടായിട്ടുണ്ട്.

(ബി, സി) വിധിന്യായത്തിന്റെ പകർപ്പ് കിട്ടിയതിനുശേഷം പരിശോധിച്ച് യുക്തമായ തീരുമാനമെടുക്കുന്നതാണ്.

## ബേപ്പൂർ തുറമുഖത്തിലെ ബ്രേക്ക് വാട്ടർ നിർമ്മാണം

85 [170] ശ്രീ. എ.സി. ഷൺമുഖദാസ്:
,, കെ. ശങ്കരനാരായണപിള്ള:
,, ടി. പി. പീതാംബരൻ മാസ്റ്റർ:
,, വി. സി. കബീർ:
,, പി. വിജയദാസ്:
,, സിറിയക് ജോൺ:
,, കെ. കെ. ബാലകൃഷ്ണൻ:
,, എ. വി. താമരാക്ഷൻ:
,, ആർ. എസ്. ഉണ്ണി:
,, കെ. കൃഷ്ണൻകുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖത്തിലെ ബ്രേക്ക് വാട്ടർ നിർമ്മാണത്തിനുള്ള അനുവാദം എന്നാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയുടെ പണി തുടങ്ങിയതിനുശേഷം ഓരോ വർഷവും നീക്കിവെച്ച സംഖ്യയും ചെലവഴിച്ച സംഖ്യയും എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ ബ്രേക്ക് വാട്ടറിന്റെ പണി എന്നു പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പൂർത്തിയാകുമ്പോൾ ആകെ എത്ര രൂപ ചെലവഴിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly